ശ്രീ. പി. പി. ഉമ്മർകോയ : ഈവർഷം എന്തായാലും സാധിക്കുകയില്ല അതു ഗവണ്മെൻറിൻെറ പ്രത്യേകശ്രദ്ധയിൽ പെടുത്തിയാൽ അനേഷിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വിവരം ശേഖരിച്ചുവരുന്നു എന്നു പറഞ്ഞു. ഞങ്ങൾക്കു തന്നിട്ടുള്ള അപ്പെൻറിക്സിൽ വർക്സിനെപ്പറ്റി പറയുന്നുണ്ടു്. അങ്ങനെ അതിൽ കൊടുത്തിട്ടുള്ളതും അഞ്ചുവർഷമായിട്ടുള്ളതും 1959–ൽ ആർഡർ പാസാക്കീട്ടുള്ളതുമായ ശ്രീകണ്ഠപുരം—വൈരാവൂർ റോഡിൻെറ പണി ഇതുവരെ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമെന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : വളരെ അധികം വർക്കുകൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തീട്ടുള്ളതു സാമ്പത്തികപരിമിതി കാരണം മാറ്റിവച്ചിട്ടുണ്ടു്. അങ്ങനെ ഇതും മാറ്റിവച്ചിട്ടുള്ളതാണോ എന്നെനിക്കറിവില്ല. അതു ഏതു സ്റ്റേജിലിരിക്കുന്നു, എന്താണു് അതിൻെറ കാര്യം എന്നു് പ്രത്യേകശ്രദ്ധയിൽപെടുത്തിയാൽ അനേഷിക്കാം.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : കോഴിക്കോട്ടു ജില്ലയിലുള്ള പല റോഡുകളുടെയും പണി ആരംഭിക്കുകയും, എന്നാൽ അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ ലഭിക്കാത്തതുകൊണ്ടു് ആ തരം വർക്കുകൾ നിറുത്തിവയ്ക്കുകയും ചെയ്തിട്ടുണ്ടു്. അവ പണി പൂർത്തിയാക്കുന്നതിനു അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ ഉടനെ കൊടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പണി തുടങ്ങുന്നതിനുമുമ്പുതന്നെ അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ വാങ്ങണമെന്നുണ്ടു്. അങ്ങനെ അതു വാങ്ങാതെ ചില വർക്കുകൾ തുടങ്ങിയതായി അറിയാം. പക്ഷെ, ആ വർക്കുകളെല്ലാം പൂർത്തിയാക്കുന്നകാര്യം പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

കേന്ദ്ര റോഡുഫണ്ടിൽനിന്നുള്ള സഹായം

* 789. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രറോഡുഫണ്ടിൽനിന്നും സഹായം കിട്ടുന്ന റോഡുകളുടെ കാര്യത്തിൽ 1964–65ലേക്കു് എത്ര ഉറപ്പിക ലഭിക്കും :

(ബി) പൂന്തോട്ട–പിറവം റോഡിൻെറ പണിക്കുള്ള പണം ലഭിക്കാനുള്ള ആവശ്യത്തിന്മേൽ എന്തു മറുപടി ലഭിച്ചു ;

(സി) കേന്ദ്രസഹായം കിട്ടാൻ സാദ്ധ്യതയില്ലാത്ത ഇത്തരം പണി തുടങ്ങിയ റോഡുകൾ പൂർത്തിയാക്കാൻ സ്റ്റേറ്റുഫണ്ടു് ഉപയോഗിച്ചു നടപടികളെടുക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) അതു് ഇപ്പോൾ പറയാൻ നിവ്വാഹമില്ല.

(ബി) ഈ പണിക്കുവേണ്ടി 50,000 രൂപാ അനുവദിച്ചിട്ടുണ്ടു്.

(സി) സ്റ്റേറ്റു ഫണ്ടുപയോഗിച്ചു് ഈ പണി നടത്തുന്നകാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ പണിക്കു് ആകെ മൂന്നുലക്ഷം രൂപയാണു് വേണ്ടിവരുമെന്നു കണക്കാക്കിയിട്ടുള്ളതെന്നുതോന്നുന്നു. ബാക്കിയുള്ള തുക സ്റ്റേറ്റു ഫണ്ടിൽനിന്നു ഉപയോഗിച്ചു് ഈ പണി പൂർത്തിയാക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ വക്കിനുവേണ്ടി ആകെ 2,67,301 രൂപയാണു വേണ്ടതു്. സെൻട്രൽ റോഡുഫണ്ടിൽനിന്നു് വെറും 50,000 രൂപയാണു സാംഗ്ഷൻചെയ്തിട്ടുള്ളതു്. ബാക്കി സ്റ്റേറ്റു ഫണ്ടിൽനിന്നു ചെലവു ചെയ്തു വർക്കുനടത്തുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കേന്ദ്ര റോഡുഫണ്ടിൽനിന്നു തുക അനുവദിച്ചു, വർക്കലം നിശ്ചയിക്കുന്നതു് ഏതു മാനദണ്ഡത്തിലാണു് ?

ശ്രീ. പി. പി. ഉമ്മർകോയ : ഇവിടെ നാം ഫഡ്യൂറിൽ ഉൾപ്പെടുത്തുന്നതും ഈവിധത്തിലുള്ള ഗ്രാന്റു് കിട്ടുന്നതിനു അർഹതയുള്ളതുമായ പ്രധാനപ്പെട്ട വർക്കുകളുടെ ലിസ്റ്റു് കേന്ദ്രത്തിനു് അയച്ചുകൊടുക്കും. കേന്ദ്രത്തിൽ നിന്നു അംഗീകാരം കിട്ടുന്ന വർക്കുകൾക്കു് ഗ്രാന്റു് കിട്ടും. അതിന്റെ പണി നടത്തും.

ശ്രീ. കെ. ആർ. വിജയൻ : സെൻട്രൽ റോഡുഫണ്ടിൽനിന്നു വിഹിതം അനുവദിച്ചിട്ടുള്ളതും, സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുള്ളതുമായ വടക്കേക്കര പാലത്തിന്റെ പണി എന്താണു നടത്താത്തതു് ?

ശ്രീ. പി. പി. ഉമ്മർകോയ : സെൻട്രൽ റോഡുഫണ്ടിൽനിന്നു തുക അനുവദിച്ചു് അംഗീകാരം കിട്ടിയിട്ടുള്ള പണികളം നടത്തും. ഇതു് അതിൽ പെട്ടതാണോ എന്നറിയില്ല.

ശ്രീ. എൻ. ഈ. ബലറാം : അഞ്ചരക്കണ്ടി പാലത്തിന്റെ പണി വളരെ അലസമായി നടക്കുന്നതിന്റെ കാരണമെന്താണു് ; സെൻട്രൽ റോഡു ഫണ്ടിൽ നിന്നു തുക കിട്ടിയിട്ടില്ലേ ?

ശ്രീ. പി. പി. ഉമ്മർകോയ : സെൻട്രൽ റോഡുഫണ്ടിൽനിന്നു നമുക്കു കിട്ടുന്ന സഹായധനം നമ്മുടെ റവന്യൂവിന്റെ ഒരു ഭാഗമാണു്. റോഡുകളും പാലങ്ങളും പണി നടത്താനാണു് ഈ തുക അനുവദിക്കുന്നതു്. നാം ഇവിടെ നിന്നും കേന്ദ്രഗവണ്മെന്റിനു് വർക്കുകളുടെ ഒരു ലിസ്റ്റു അയച്ചുകൊടുത്താൽ അംഗീകാരം കിട്ടുന്ന പണികളം മാത്രമേ നടത്താവൂ എന്നു അവർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്. നടത്തപ്പെടുന്ന പണികളുടെ വല്ല അപാകതയും വന്നിട്ടുണ്ടോ എന്നു ഏതെങ്കിലും ഒരു പ്രത്യേക കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം.

ശ്രീ. എൻ. ഈ. ബലറാം : സി. ആർ. ഫണ്ടിൽനിന്നു്, 1964–65ലേക്കു എന്തു തുക കിട്ടുമെന്നു ഇപ്പോഴും പറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. ആ നിലയ്ക്കു ഇപ്പോഴും ആരംഭിച്ചിട്ടുള്ള പണികളുടെ അപാകതം നേരിടുകയില്ലേ ; സി. ആർ. ഫണ്ടിൽനിന്നു നടത്തപ്പെടുന്ന പണികളുടെ അങ്ങനെ കഴപ്പം നേരിടുന്നതായി പരാതിയുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : കേന്ദ്രത്തിലേക്കു ഇവിടെനിന്നു് വർക്കുകളുടെ ലിസ്റ്റു അയച്ചുകൊടുക്കുകയാണു്. ഓരോ കൊല്ലവും അവിടെനിന്നു എന്തു വിഹിതം കിട്ടുമെന്നു മുൻകൂട്ടി കണക്കാക്കിയിട്ടല്ല ലിസ്റ്റു അയയ്ക്കുന്നതു്. അംഗീകരിക്കപ്പെടുന്ന പണികളുടെ വർക്കു നടത്തും. നേരത്തേ അലോട്ടുമെന്റു നിശ്ചയിക്കാൻ കഴിയാത്തതുകൊണ്ടു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

ഇറിഗേഷൻ വർക്കുകം

* 790. [8] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഈ സാമ്പത്തികവർഷത്തിൽ എത്ര ഇറിഗേഷൻ വർക്കുകം ആരംഭിച്ചു ;

(ബി) ആരംഭിച്ച വർക്കുകം എത്രയെണ്ണം പൂർത്തിയായി ; എത്ര എണ്ണം പൂർത്തിയാകാനുണ്ടു് ;

(സി) പൂർത്തിയായ വർക്കുകംകൊണ്ടു ഭക്ഷ്യോൽപാദനത്തിൽ പുരോഗതി എത്രമാത്രമെന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly